# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2530 — 09/07/2015 -ൽ മറുപടിക്ക്

## വിദ്യാലയങ്ങളിലെ മലയാള ഭാഷാ പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.പി.എ.മാധവൻ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാലയങ്ങളിൽ മലയാളഭാഷാ പഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) 01.09.2011 -ലെ സ.ഉ(പി) നം.183/2011/പൊ.വി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും ഉൾപ്പെടെ എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) മലയാളം മാതൃഭാഷയല്ലാത്ത വിദ്യാർത്ഥികൾക്ക് മലയാളഭാഷ പഠിക്കുവാൻ എന്തെല്ലാം സൗകര്യങ്ങളാണ് വിദ്യാലയങ്ങളിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) കന്നട, തമിഴ്, ഗുജറാത്തി എന്നിവ മാതൃഭാഷയായുള്ള കുട്ടികൾക്ക്, അവരുടെ മാതൃഭാഷ ഒന്നാം ഭാഷ പാർട്ട് I -ൽ തന്നെ പഠിക്കുവാൻ നിലവിലുള്ള സംവിധാനം തന്നെ തുടരണമെന്ന് 01.09.2011 -ലെ സ.ഉ(പി) നം.183/2011/പൊ.വി പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അവർക്ക് നിലവിലുള്ള ഭാഷയ്ക്കു പുറമെ മലയാളം കൂടി പഠിക്കുവാൻ സാഹചര്യം ഒരുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

(.........2)

| | | | |
|---|---|---|---|
| **(സി)** | ഇതിനായി സ്കൂളിലെ പീരിയഡു- കളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ? | **(സി)** | ഉണ്ട്. വിശദാംശങ്ങൾ ഉൾക്കൊണ്ട ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്